LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തി-ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതിനുള്ള മാനദണ്ഡം

111 [2587] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. കെ. ചന്ദ്രൻ:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പൊതുമേഖലാ സ്ഥാപനം സ്വകാര്യ മേഖലയ്ക്ക് കൈമാറുമ്പോഴോ സ്വകാര്യ പങ്കാളിത്തം അനുവദിക്കുമ്പോഴോ പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തി-ബാദ്ധ്യതകൾ തിട്ടപ്പെടുത്താറുണ്ടോ;

(ബി) ആസ്തി-ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതിന് അംഗീകൃതമായ ഏതെങ്കിലും മാനദണ്ഡം സ്വീകരിക്കാറുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) അങ്കമാലിയിലെ ടെൽക്ക് എന്ന സ്ഥാപനത്തിന്റെ ആസ്തി എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ആസ്തി തിട്ടപ്പെടുത്താൻ സ്വീകരിച്ച മാനദണ്ഡമെന്താണ്; വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനം ഇപ്പോൾ ലാഭകരമായാണോ പ്രവർത്തിക്കുന്നത്;

(ഇ) എങ്കിൽ കഴിഞ്ഞ വർഷം ലാഭവിഹിതമായി സർക്കാരിലേക്ക് എത്ര സംഖ്യ അടച്ചു എന്നും ഈ വർഷം എത്ര ലാഭം പ്രതീക്ഷിക്കുന്നു എന്നും വ്യക്തമാക്കുമോ;

(എഫ്) ലാഭകരമായി പ്രവർത്തിക്കുന്ന കമ്പനിയാണെങ്കിൽ സ്വകാര്യമേഖലയ്ക്കു കൈമാറാൻ ഉദ്ദേശിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് അനുസരിച്ചും, മൂല്യനിർണ്ണയം നടത്തുന്നതിനായി സ്വീകരിക്കുന്ന സുതാര്യമായ നടപടിക്രമങ്ങളിലൂടെയുമാണ് കമ്പനികളുടെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നത്.

(സി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ബുക്ക് വാല്യൂ അറ്റ് കോസ്റ്റ് പ്രകാരമാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. 2002-03 വർഷത്തിൽ കമ്പനി പ്രവർത്തനലാഭത്തിലാണ്.

(ഇ) 2002-03 വർഷത്തിൽ കമ്പനി ലാഭവിഹിതം നൽകിയിട്ടില്ല. ഈ സാമ്പത്തിക വർഷം 879 ലക്ഷം രൂപ ലാഭം പ്രതീക്ഷിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) ടെൽക്കിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തിയുള്ള പുനരുദ്ധാരണത്തിനാണ് തീരുമാനിച്ചിരിക്കുന്നത്. സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി പ്രകാരം ടെൽക്കിന്റെ 26 ശതമാനം മുതൽ 49 ശതമാനംവരെ ഓഹരികളാണ് വിൽപ്പന നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾത്തന്നെ ടെൽക്കിൽ സ്വകാര്യ പങ്കാളിത്തമുണ്ട്.

ജൈവ സാങ്കേതിക വിദ്യയിൽ കേരളത്തിന്റെ സാദ്ധ്യത

112 [2588] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ സാങ്കേതിക വിദ്യയിൽ കേരളത്തിന്റെ വ്യവസായ സാദ്ധ്യതകൾ സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേരളത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) കേരളത്തിലെ ജൈവവൈവിധ്യം പരമാവധി പ്രയോജനപ്പെടുത്തി ബയോടെക്നോളജി മേഖലയുടെ വികസനത്തിനും ഈ മേഖലയിൽ നിക്ഷേപം, തൊഴിൽ സാദ്ധ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും വേണ്ടി വ്യവസായ വകുപ്പിന്റെ കീഴിൽ ശ്രീ. രാജീവ് വാസുദേവനെ ബയോടെക്നോളജി സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

കേരളത്തിന്റെ തനതായ പച്ചമരുന്നുകളുടെയും സുഗന്ധ സസ്യങ്ങളുടെയും ശേഖരം എങ്ങിനെ പ്രയോജനപ്പെടുത്താമെന്നതിനെക്കുറിച്ച് സ്പെഷ്യൽ ഓഫീസർ വിവിധ വകുപ്പുകളും സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തിവരികയാണ്. ചർച്ചകളിൽനിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു കർമ്മ പരിപാടി രൂപീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കൂടാതെ, ബയോടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ നടത്തുന്നതിനുവേണ്ടി കിൻഫ്രയുടെ കീഴിൽ തിരുവനന്തപുരത്തും കൊച്ചിയിലും ഓരോ ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി തയ്യാറാക്കിയ പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

കേന്ദ്ര മുതൽമുടക്കോടെ ആരംഭിക്കുന്ന വ്യവസായങ്ങൾ

113 [2589] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ മേഖലയിൽ കേന്ദ്ര മുതൽമുടക്കോടെ എന്തെല്ലാം സംരംഭങ്ങളാണ് പുതുതായി ആരംഭിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly